# ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്
ഗവേഷണ സ്ഥാപനം

ഒക്ടോബർ 2022 | ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ | മുണ്ടൂർ, പാലക്കാട് | "ശാസ്ത്രം സാമൂഹ്യ വിപ്ലവത്തിന്"


## അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിനത്തിൽ ഹരിതകർമസേനയുടെ പെൺരാവേറ്റം

അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിനത്തിൽ ഹരിതകർമസേനകളുടെ നേതൃത്വത്തിൽ 'പെൺരാവേറ്റം' പരിപാടികൾ നടന്നു. 84 ഗ്രാമ പഞ്ചായത്തുകളിലും 6 നഗരസഭകളിലും ഉൾപ്പെടെ 90 കേന്ദ്രങ്ങളിലാണ് ദിനാചരണം സംഘടിപ്പിച്ചത്.

പരിഷത്തിന്റെ ഗവേഷണ സ്ഥാപനമായ ഐ.ആർ.ടി.സി. കഴിഞ്ഞ 4 വർഷക്കാലമായി ഹരിതകർമസേനയെ ശക്തീകരിക്കുന്നതിനായി ഹരിത സഹായ സ്ഥാപനം എന്ന നിലയിൽ പ്രവർത്തിച്ചു വരികയാണ്. 126 തദ്ദേശ സ്ഥാപനങ്ങളിലാണ് നിലവിൽ ഐ.ആർ.ടി.സി. മാലിന്യപരിപാലനത്തിൽ സാങ്കേതിക സഹായം നല്കുന്നത്. ഇവിടങ്ങളിൽ 3500ൽപ്പരം ഹരിതകർമസേനാംഗങ്ങളുണ്ട്. ഭൂരിഭാഗം പേരും ഏറ്റവും ദയനീയമായ ജീവിത സാഹചര്യങ്ങളിൽനിന്നും വരുന്നവരും കുടുംബത്തിന്റെ എല്ലാ ഭാരവും ചുമലിൽ ഏറ്റുന്നവരുമാണ്. സന്തോഷകരമായ ജീവിതാനുഭവങ്ങൾ നന്നേ കുറവുള്ള ഒരു കൂട്ടം ആളുകൾ - അതായിരുന്നു തുടക്കത്തിൽ ഹരിതകർമസേന. എല്ലാ പ്രതീക്ഷകളും അറ്റുപോയ ഇവരെ മാനസികമായും സാമ്പത്തികമായും




ശക്തീകരിച്ചു കൊണ്ടു മാത്രമേ മാലിന്യപരിപാലനം ഫലപ്രദമായി നിർവഹിക്കാനാവുമായിരുന്നുള്ളൂ. ഒരു പരിധി വരെ ഇതിൽ വിജയിക്കാൻ കഴിഞ്ഞിരിക്കുന്നു. ചെറുതെങ്കിലും സ്ഥിരവരുമാനത്തിലേക്ക് ഹരിതകർമസേന എത്തിത്തുടങ്ങിയിരിക്കുന്നു.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് അന്താരാഷ്ട്ര ഗ്രാമീണ വനിതാ ദിനം സമുചിതമായി ആചരിക്കണം എന്ന് ആഹ്വാനം ചെയ്തിരുന്നു. ദിനാചരണത്തിന്റെ ഭാഗമായി ആടിയും പാടിയും തെരുവായ തെരുവിലൊക്കെ ഇതെല്ലാം തങ്ങൾക്കു കൂടി അവകാശപ്പെട്ടതാണന്ന് സേനാംഗങ്ങൾ പ്രഖ്യാപിച്ചു. തദ്ദേശഭരണസമിതിയും കുടുംബശ്രീയും ശാസ്ത്രസാഹിത്യ പരിഷത്ത് യൂണിറ്റുകളും ശക്തമായ പിന്തുണ നല്കി. തങ്ങളുടെ ജീവിതത്തിലെ ഏറ്റവും അവിസ്മരണീയ ദിനമാണിത് എന്ന അനുഭവം ഏറെപ്പേർ പങ്കുവെച്ചു.

## ഐ.ആർ.ടി.സി.യുടെ നേതൃത്വത്തിൽ മികച്ച നേട്ടമുണ്ടാക്കി ഹരിതകർമസേനകൾ

സംസ്ഥാനത്തെ മാലിന്യശേഖരണ സംസ്കരണ രംഗത്ത് വിജയകരമായി പ്രവർത്തിച്ചു വരികയാണ് ഐ.ആർ.ടി.സി ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്ന ഹരിതകർസേനകൾ. ശുചിത്വമിഷന്റെ ഗ്രേഡിംഗിൽ കുന്നംകുളം നഗരസഭയും കൊരട്ടി ഗ്രാമപഞ്ചായത്തും തൃശ്ശൂർ ജില്ലയിലെ മികച്ച ഹരിതകർമസേനകളിൽ ഒന്നാമതെത്തി.

നഗര-ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലെ വീടുകളിലും കച്ചവട-കച്ചവടേതര സ്ഥാപനങ്ങളിലും ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുകയും അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസികൾക്ക് കൈമാറുകയും ചെയ്യുന്ന മഹത്തരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന്റെ മികവിനാണ് ശുചിത്വമിഷന്റെ അവാർഡ്.



തൃശ്ശൂർ ജില്ലയിലെ മികച്ച ഹരിതകർമസേനക്കുള്ള പുരസ്കാരം ബഹു. റവന്യൂ വകുപ്പ് മന്ത്രി ശ്രീ. കെ. രാജനിൽ നിന്ന് കൊരട്ടി പഞ്ചായത്ത് പ്രതിനിധികൾ ഏറ്റുവാങ്ങുന്നു

നിലവിൽ 64 പേർ അജൈവ മാലിന്യശേഖരണ രംഗത്തും 8 പേർ ജൈവമാലിന്യശേഖരണ രംഗത്തും പ്രവർത്തിക്കുന്നുണ്ട്. മാലിന്യശേഖരണം, തരംതിരിക്കൽ, ബയോബിൻ വിതരണം, ഗ്രോബാഗ് വിതരണം, കമ്പോസ്റ്റ് മീഡിയം വിതരണം തുടങ്ങി വിവിധ മേഖലകളിലെ പ്രവർത്തന മികവ് കണക്കിലെടുത്താണ് രണ്ട് ഹരിതകർമസേനകളെയും ജില്ലയിലെ മികച്ചതായി ശുചിത്വമിഷൻ തെരഞ്ഞെടുത്തിട്ടുള്ളത്.

# സി. ലില്ലിയ്ക്ക് യാത്രയയപ്പ്





കഴിഞ്ഞ രണ്ടു വർഷക്കാലം (2020-22) ഐ.ആർ.ടി.സിയുടെ സഹോദര സ്ഥാപനമായ പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ (PPC) എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീമതി സി. ലില്ലിയ്ക്ക് ഐ.ആർ.ടി.സി കുടുംബാംഗങ്ങൾ യാത്രയയപ്പ് നൽകി. ചടങ്ങിൽ ഐ.ആർ.ടി.സി ചെയർമാനും കേരള ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിഡന്റുമായ ബി. രമേഷ്, ജനറൽ സെക്രട്ടറി ജോജി കൂട്ടുമ്മേൽ എന്നിവർ മുഖ്യാതിഥികളായി.

ഐ.ആർ.ടി.സി ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പരിപാടിയിൽ രജിസ്ട്രാർ പി. മുരളീധരൻ, നിലവിലെ പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ പി.വി. ദിവാകരൻ, ഐ.ആർ.ടി.സി-പി.ഐ.യു. സെക്രട്ടറി എ.എം. ബാലകൃഷ്ണൻ, മുൻ രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ, പി.പി.സി മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ പി.വി. ജോസഫ്, പി.പി.സി സെക്രട്ടറി വിജിത്ത്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ പ്രിയമോൾ, ഐ.ആർ.ടി.സി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എം. രാമചന്ദ്രൻ, എന്നിവർ സംസാരിച്ചു. ചടങ്ങിൽ സി. ലില്ലിയ്ക്കുള്ള സ്നേഹോപഹാരങ്ങൾ സമ്മാനിച്ചു. ഐ.ആർ.ടി.സിയിലെയും പി.പി.സിയിലെയും മുഴുവൻ ജീവനക്കാരും സ്നേഹോഷ്മളമായ യാത്രയയപ്പ് പരിപാടിയിൽ പങ്കെടുത്തു.

# ഐ.ആർ.ടി.സി, പി.പി.സി, പി.ഐ.യു ജനറൽബോഡി യോഗങ്ങൾ സമാപിച്ചു



ഐ.ആർ.ടി.സി.യുടെയും സഹോദര സ്ഥാപനങ്ങളായ പരിഷത്ത് പ്രൊഡക്ഷൻ സെന്റർ (പി.പി.സി), പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് (പി.ഐ.യു) എന്നിവയുടെയും വാർഷിക ജനറൽബോഡി യോഗങ്ങൾ സമാപിച്ചു. സെപ്റ്റംബർ 25 ന് പരിസരകേന്ദ്രത്തിൽ വച്ചാണ് ഐ.ആർ.ടി.സി, പി.പി.സി ജനറൽബോഡി യോഗങ്ങൾ നടന്നത്. പി.ഐ.യു ജനറൽബോഡി സെപ്റ്റംബർ 26 ന് ചേർന്നു. ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള പ്രവർത്തന റിപ്പോർട്ടും രജിസ്ട്രാർ പി. മുരളീധരൻ സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. യോഗത്തിൽ ഐ.ആർ.ടി.സിയുടെ ഭാവി പ്രവർത്തന പരിപാടി രൂപപ്പെടുത്തി.

എക്സിക്യൂട്ടീവ് ഡയറക്ടർ സി. ലില്ലി പി.പി.സിയുടെ പ്രവർത്തന റിപ്പോർട്ടും സെക്രട്ടറി വിജിത്ത് സാമ്പത്തിക റിപ്പോർട്ടും അവതരിപ്പിച്ചു. പി.ഐ.യു സെക്രട്ടറി എ.എം. ബാലകൃഷ്ണൻ പി.ഐ.യു റിപ്പോർട്ട് അവതരണം നടത്തി. യോഗങ്ങളിൽ മൂന്ന് സ്ഥാപനങ്ങളുടെയും എക്സിക്യൂട്ടീവ് കമ്മിറ്റികളെ തിരഞ്ഞെടുത്തു.

## പി.വി. ദിവാകരൻ പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ



പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറായി പി.വി. ദിവാകരൻ ഒക്ടോബർ ഒന്നിന് ചുമതലയേറ്റു. കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കേന്ദ്രനിർവാഹക സമിതിയംഗം, സംസ്ഥാന സെക്രട്ടറി എന്നീ ചുമതലകൾ വഹിച്ചിരുന്നു. അധ്യാപകനായിരുന്ന പി.വി. ദിവാകരൻ ഉളിയിൽ ഗവഃ യു.പി. സ്കൂളിൽ നിന്നും 2021 ൽ റിട്ടയർ ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന സി. ലില്ലിയുടെ കാലാവധി അവസാനിച്ച വേളയിലാണ് പി.വി. ദിവാകരൻ ചുമതല ഏറ്റെടുത്തത്.

# പ്രാദേശികാസൂത്രണത്തിൽ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ പരിശീലനങ്ങൾ പുരോഗമിക്കുന്നു

ഐ.ആർ.ടി.സിയിലെ സെന്റർ ഫോർ ജിയോ-ഇൻഫോർമാറ്റിക്സ് കിലയുമായി സഹകരിച്ച് "പ്രാദേശികാസൂത്രണത്തിൽ ജിയോസ്പേഷ്യൽ സാങ്കേതികവിദ്യയുടെ പ്രായോഗികത" എന്ന വിഷയത്തിൽ നടത്തിവരുന്ന പരിശീലന പരിപാടിയുടെ 20-ാം ബാച്ച് സമാപിച്ചു. ജിയോസ്പേഷ്യൽ സാങ്കേതികവിദ്യ പ്രാദേശികാസൂത്രണത്തിനും വികസന പ്രവർത്തനങ്ങൾക്കും അനുയോജ്യമാം വിധം പ്രയോഗിക്കുകയെന്ന ലക്ഷ്യത്തോടെയാണ് അഞ്ച് ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു വരുന്നത്.

സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ അഞ്ച് ബാച്ചുകളിലായി 60-ഓളം പേരാണ് പരിശീലനം നേടിയത്. കേരളത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളെ പ്രതിനിധീകരിച്ചെത്തിയ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമാണ് പരിശീലനത്തിൽ പങ്കെടുത്തത്. പരിശീലന കോഴ്സിന്റെ പ്രധാന സെഷനുകൾ വിദൂരസംവേദനം, GPS, GIS എന്നിവയെ കേന്ദ്രീകരിച്ചാണ്. കൂടാതെ പ്രായോഗിക പരിശീലനത്തിന്റെ ഭാഗമായി QGIS, OSM data, Kobocollect, Mobile GPS ഉപയോഗിച്ചുള്ള ഫീൽഡ് സർവേയും ഉൾപ്പെടുന്നു.



സെന്റർ ഫോർ ജിയോഇൻഫർമാറ്റിക്സ് മേധാവി ആനന്ദ് സെബാസ്റ്റ്യൻ, പ്രൊജക്ട് സയന്റിസ്റ്റ് രാജൻ എൻ., കോഴ്സ് ഫാക്കൽറ്റികളായ വിവേക് അശോകൻ, മാളവിക എ.എസ്. തുടങ്ങിയവർ വിവിധ സെഷനുകൾ കൈകാര്യം ചെയ്തു. അവസാന ദിവസം നടന്ന പാനൽ ചർച്ചകളിൽ പരിശീലനത്തിനെത്തിയ ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പരിശീലനത്തെ കുറിച്ചുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തി. സമാപന സെഷനുകളിൽ പങ്കെടുത്ത ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള, രജിസ്ട്രാർ പി. മുരളീധരൻ എന്നിവർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## PMKSY WDC 2.0

# പെരിന്തൽമണ്ണ-മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ ഐ.ആർ.ടി.സി സന്ദർശിച്ചു




കാമ്പയിൻ കൈപ്പുസ്തക പ്രകാശനം

പ്രധാൻമന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY WDC 2.0) പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. എ.കെ. മുസ്തഫ, മങ്കട ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അബ്ദുൾ കരീം എന്നിവരുടെ നേതൃത്വത്തിൽ 25 അംഗങ്ങളടങ്ങിയ സംഘം ഐ.ആർ.ടി.സി സന്ദർശിച്ചു.

ഐ.ആർ.ടി.സി ഡയറക്ടർ പ്രൊഫ. (ഡോ.) ജെ. സുന്ദരേശൻ പിള്ള, രജിസ്ട്രാർ പി. മുരളീധരൻ, ഡയറക്ടർ ഓഫ് റിസർച്ച് പ്രൊഫ. പി.കെ. രവീന്ദ്രൻ, പി.പി.സി എക്സിക്യൂട്ടീവ് ഡയറക്ടർ പി.വി. ദിവാകരൻ, പി.ഐ.യു. സെക്രട്ടറി എ.എം. ബാലകൃഷ്ണൻ, ഐ.ആർ.ടി.സി മുൻ രജിസ്ട്രാർ കെ.കെ. ജനാർദ്ദനൻ, വിവിധ വകുപ്പ് മേധാവികൾ, സയന്റിസ്റ്റുകൾ എന്നിവരുമായി സംഘം പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് വിശദമായ ചർച്ച നടത്തി.

ഈ പദ്ധതിയുടെ ജനകീയ ക്യാമ്പയിനുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ കൈപ്പുസ്തകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ ഐ.ആർ.ടി.സി ഡയറക്ടർക്ക് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. ഐ.ആർ.ടി.സി ക്യാമ്പസിലെ വിവിധ പ്രവർത്തനങ്ങൾ സംഘം നേരിട്ട് കണ്ട് മനസ്സിലാക്കി. ഐ.ആർ.ടി.സിയാണ് പദ്ധതിനിർവഹണത്തിന് സാങ്കേതികസഹായം നൽകുന്നത്.

## NABARD-KfW Soil Project

### നീർത്തട പ്രദേശങ്ങളിൽ ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ

**ഐ**.ആർ.ടി.സി നിർവഹണ ഏജൻസിയായി പ്രവർത്തിക്കുന്ന നബാർഡ്- കെ.എഫ്.ഡബ്ല്യു സോയിൽ പ്രൊജക്റ്റിന്റെ ഭാഗമായ നീർത്തട പ്രദേശത്ത് ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ സ്ഥാപിച്ചു. കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ കൊന്നയ്ക്കൽക്കടവ്, പൂതനക്കയം എന്നീ നീർത്തട പ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ് വെതർ സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളത്.

ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിതമായതോടെ പ്രാദേശികമായി കാലാവസ്ഥാ സംബന്ധിയായ കൃത്യതയുള്ള വിവരങ്ങൾ ലഭ്യമാകും. മാറിയ കാലാവസ്ഥയിൽ ഇടയ്ക്കിടെയുണ്ടാകുന്ന ശക്തമായ കാറ്റിന്റെയും മഴയുടെയും പശ്ചാത്തലത്തിൽ ആവശ്യമായ മുൻകരുതലെടുക്കാനും പ്രാദേശികമായി പദ്ധതികൾ രൂപീകരിക്കാനും ലക്ഷ്യമിട്ടാണ് കാലാവസ്ഥാ കേന്ദ്രം സ്ഥാപിച്ചത്.



### നീർത്തടങ്ങളിൽ നബാർഡ് സംഘത്തിന്റെ സന്ദർശനം



**കെ**.എഫ്.ഡബ്ല്യു സോയിൽ പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് പരിശോധിച്ച് വിലയിരുത്തുന്നതിനു വേണ്ടി നബാർഡ് കൺസൾട്ടന്റ് പ്രകാശിന്റെ നേതൃത്വത്തിലുള്ള സംഘം പഴനിയാർ പാളയം, ചാഴിയാട്ടിരി, നാഗലശ്ശേരി നീർത്തടങ്ങളിൽ സന്ദർശനം നടത്തി. നീർത്തട വികസന സമിതിയുടെ ഓഫീസ് രേഖകൾ വിശദമായി പരിശോധിക്കുകയും കമ്മിറ്റി അംഗങ്ങളുമായി ആശയവിനിമയം നടത്തുകയും ചെയ്തു.

പദ്ധതിയുടെ ഭാഗമായി നീർത്തട വികസന സമിതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾ നേരിട്ട് കണ്ട് മനസ്സിലാക്കി. നീർത്തട പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനു വേണ്ടി കമ്മിറ്റി ഏറ്റെടുക്കേണ്ട കർമ്മപദ്ധതികളെ സംബന്ധിച്ചുള്ള നിർദേശങ്ങൾ കർഷകരോടും കമ്മിറ്റി അംഗങ്ങളോടും സംഘം പങ്കുവച്ചു. സാങ്കേതികസഹായം നൽകുന്ന ഏജൻസിയെന്ന നിലയിലുള്ള ഐ.ആർ.ടി.സിയുടെ ഇടപെടലിനെ സംഘം പ്രത്യേകം അഭിനന്ദിച്ചു.

### ശാസ്ത്രീയകൃഷിയും മൃഗപരിപാലനവും; പരിശീലനം സംഘടിപ്പിച്ചു




**ശാ**സ്ത്രീയകൃഷി രീതിയും വളർത്തുമൃഗ പരിപാലനവും എന്ന വിഷയത്തിൽ 2022 ഒക്ടോബർ 26 ന് പഴനിയാർപാളയം നീർത്തടത്തിൽ പരിശീലനം സംഘടിപ്പിച്ചു. നീർത്തട സമിതി അംഗങ്ങളും നീർത്തട പ്രദേശത്തെ കർഷകരും പരിശീലനത്തിൽ പങ്കെടുത്തു. VAM ഉപയോഗിച്ചുള്ള ശാസ്ത്രീയ കൃഷിരീതിയുടെ പ്രയോജനത്തെ കുറിച്ച് ഐ.ആർ.ടി.സി ഫാക്കൽറ്റിയും റിട്ട. കൃഷി ഡയറക്ടറുമായ ഇ.കെ. യൂസഫ് ക്ലാസെടുത്തു. പരിപാടിയിൽ VAM-ന്റെ വിതരണോത്ഘാടനവും സംഘടിപ്പിച്ചിരുന്നു. എരുത്തേമ്പതി വെറ്റിനറി ആശുപത്രിയിലെ ഡോക്ടർ ഷിനി ശാസ്ത്രീയ മൃഗപരിപാല രീതികളെക്കുറിച്ചും ആടിനും കോഴിക്കും പ്രധാനമായി കണ്ടുവരുന്ന രോഗങ്ങളെ സംബന്ധിച്ചും ക്ലാസ്സ് എടുത്തു. നീർത്തട കമ്മിറ്റി പ്രസിഡന്റ് കലൈ സെൽവൻ, സെക്രട്ടറി ജയരാമകൃഷ്ണൻ, കമ്മിറ്റി അംഗങ്ങൾ, കർഷകർ എന്നിവർ ക്ലാസ്സിൽ പങ്കെടുത്തു.

# 'ഭൂമിയോടൊപ്പം'
# കുട്ടികളുടെ ശാസ്ത്രസഹവാസ ക്യാമ്പ്


ഐ.ആർ.ടി.സി ചിൽഡ്രൻസ് സയൻസ് ആക്ടിവിറ്റി സെന്ററിലെ ശാസ്ത്രസഹവാസ ക്യാമ്പിൽ നിന്നും

കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുകയെന്ന ലക്ഷ്യത്തോടെ ഐ.ആർ.ടി.സി ക്യാമ്പസിൽ സജ്ജമാക്കിയ ചിൽഡ്രൻസ് സയൻസ് ആക്ടിവിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ ശാസ്ത്രസഹവാസ ക്യാമ്പുകൾ സംഘടിപ്പിച്ചു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നേരത്തെ രജിസ്റ്റർ ചെയ്ത 30 കുട്ടികളാണ് ക്യാമ്പിൽ പങ്കെടുത്തത്. രണ്ടു ദിവസം നീണ്ടുനിൽക്കുന്ന 'ഭൂമിയോടൊപ്പം' ശാസ്ത്രസഹവാസ ക്യാമ്പുകൾ സെപ്റ്റംബർ 4,5, ഒക്ടോബർ 23, 24 തിയതികളിലായിരുന്നു സംഘടിപ്പിച്ചത്.

കുട്ടികളിൽ കൗതുകവും ജിജ്ഞാസയും വളർത്തി, നിരീക്ഷണത്തിലേക്കും, അന്വേഷണത്തിലേക്കും നയിക്കുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് ക്യാമ്പിന്റെ ഉള്ളടക്കം. ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം, വൃദ്ധിക്ഷയങ്ങൾ, സൂര്യന്റെ അയന ചലനം, ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ് തുടങ്ങി ഭൂമിയുമായി ബന്ധപ്പെട്ട ഒട്ടേറെ കാര്യങ്ങൾ രണ്ടു ദിവസങ്ങളിലായി കണ്ടും ചെയ്തും പഠിയ്ക്കാനുള്ള അവസരം ലഭിച്ചു. ശാസ്ത്രപ്രചാരകനായ കെ.വി.എസ്.കർത്ത, സയൻസ് ആക്ടിവിറ്റി സെന്റർ ചുമതലക്കാരനായ സജി ജേക്കബ്, അക്കാദമിക് കോർഡിനേറ്റർ കൃഷ്ണ എസ്., സായ് പ്രശാന്ത്, വിഷ്ണു വേണുഗോപാൽ, അഞ്ജു, അക്ഷയ് കെ.സി. എന്നിവർ ക്യാമ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ബയോഫ്ളോക്ക് പരിശീലനം

ഐ.ആർ.ടി.സി ഫിഷറീസ് ഡിവിഷന്റെ നേതൃത്വത്തിൽ നൂതന മത്സ്യകൃഷിരീതികളായ ബയോഫ്ലോക്ക്, അക്വാപോണിക്സ് എന്നിവയിൽ പരിശീലനം സംഘടിപ്പിച്ചു. സെപ്റ്റംബർ 28, 29 തിയ്യതികളിൽ സംഘടിപ്പിച്ച പരിശീലനത്തിൽ ഏഴ് പേർ പങ്കെടുത്തു. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പാലക്കാട് ജില്ലയിൽ ബയോഫ്ലോക് മത്സ്യകൃഷി പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഐ.ആർ. ടി.സി ഫിഷറീസ് ഡിവിഷന്റെ നേതൃത്വത്തിൽ രണ്ടു ദിവസത്തെ പരിശീലനം നൽകിവരുന്നത്.

പ്രൊഫ. ബി.എം. മുസ്തഫ, ഫിഷറീസ് ഡിവിഷനിലെ സയന്റിഫിക് അസിസ്റ്റന്റ് സ്വാതി എസ്., എഞ്ചിനീയർ ശ്രീരാജ് പി., സജിൽ പി., എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി.



## ഗുരുവായൂർ നഗരസഭാ സംഘം ഐആർടിസിയിൽ



ഗുരുവായൂർ നഗരസഭ വൈസ് ചെയർപേഴ്സൺ അനീഷ്മ ഷനോജ്, വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ - ഷെഫീർ - എ.കെ., ക്ഷേമകാര്യം ചെയർ പേഴ്സൺ, ശൈലജ സുധൻ, പൊതുമരാമത്ത് ചെയർപേഴ്സൺ - ബിന്ദു അജിത് കുമാർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ. സായിനാഥൻ, കൗൺസിലർ -ദേവിക ദിലീപ്, എന്നിവർ അടങ്ങുന്ന സംഘം ഒക്ടോബർ 4 ന് ഐ.ആർ.ടി.സി സന്ദർശിച്ചു. വിവിധ മേഖലകളിൽ ഐ.ആർ. ടി.സി നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ നേരിൽ കാണുന്നതിനായിരുന്നു സന്ദർശനം. നഗരസഭയുടെ മാലിന്യ പരിപാലന പ്രവർത്തനങ്ങൾക്ക് ഐആർടിസിയാണ് സാങ്കേതിക സഹായം നല്കുന്നത്.

# നൂറ് ശതമാനം നേട്ടം കൊയ്ത് കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത്

**അ**ജൈവ മാലിന്യശേഖരണത്തിലും യൂസർ ഫീ ശേഖരണത്തിലും ആലപ്പുഴ ജില്ലയിലെ കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് നൂറ് ശതമാനം ലക്ഷ്യം കൈവരിച്ചു. ഈ ലക്ഷ്യം കൈവരിക്കുന്ന ആലപ്പുഴ ജില്ലയിലെ 6-ാമത്തെ ഗ്രാമപഞ്ചായത്താണ് കണ്ടല്ലൂർ. ഐ.ആർ.ടി.സി ചുമതല ഏറ്റെടുത്ത് 3 മാസം പിന്നിട്ടപ്പോൾ തന്നെ ഈ നേട്ടം കൈവരിക്കാനായി. ഹരിതസഹായ സ്ഥാപനമെന്ന നിലയ്ക്ക് പഞ്ചായത്തിലെ മാലിന്യപരിപാലന പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകിയ ഐ.ആർ.ടി.സിക്കും ഈ നേട്ടം അഭിമാനകരമായി. ഗ്രാമ പഞ്ചായത്തിന്റെ ആദരം പ്രസിഡന്റ് തയ്യിൽ പ്രസന്നകുമാരിയിൽ നിന്നും ഐ.ആർ.ടി.സി രജിസ്ട്രാർ പി. മുരളീധരൻ ഏറ്റുവാങ്ങി.

ഇതിനോടകം നൂറ് ശതമാനം എന്ന ലക്ഷ്യം കൈവരിച്ച 10 ഗ്രാമ പഞ്ചായത്തുകൾ ആലപ്പുഴ ജില്ലയിൽ ഉണ്ട്.

ദേവികുളങ്ങര, തണ്ണീർമുക്കം, തൈക്കാട്ടുശ്ശേരി, ചേപ്പാട് ഗ്രാമപഞ്ചായത്തുകളുടെ പ്രഖ്യാപനം ഉടനെ നടക്കും. പത്തു ഗ്രാമ പഞ്ചായത്തുകളിലും ഐ.ആർ.ടി.സിയാണ് ഹരിത സഹായ സ്ഥാപനമായി പ്രവർത്തിക്കുന്നത്. ഇന്ന് സംസ്ഥാനത്തെ മാലിന്യപരിപാലന രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഒട്ടുമിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സാങ്കേതികസഹായ ഏജൻസിയായി ഐ.ആർ.ടി.സിയാണ് പ്രവർത്തിച്ചു വരുന്നത് എന്നതും അഭിമാനകരമായ വസ്തുതയാണ്.



കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിന്റെ ആദരം പ്രസിഡണ്ടിൽ നിന്നും ഐ.ആർ.ടി.സി രജിസ്ട്രാർ പി. മുരളീധരൻ ഏറ്റുവാങ്ങുന്നു


# പെൺരാവേറ്റത്തിനിടെ നൊമ്പരമായി ഹരിതകർമസേനാംഗത്തിന്റെ വേർപാട്

**ആ**ലപ്പുഴ ജില്ലയിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ അന്താരാഷ്ട്ര ഗ്രാമീണ വനിതാദിനത്തിന്റെ ഭാഗമായി ഹരിതകർമസേനയുടെ നേതൃത്വത്തിൽ നടന്ന 'പെൺരാവേറ്റം' പരിപാടിക്കിടെ ഹരിതകർമസേനാംഗം വിമലാ രാജൻ (58) കുഴഞ്ഞുവീണു മരിച്ചു. പെൺരാവേറ്റത്തിന്റെ കൊട്ടിക്കലാശത്തിനിടെ കുഴഞ്ഞുവീണ വിമലാ രാജൻ തൽക്ഷണം മരണപ്പെടുകയായിരുന്നു. അത്ര ആരോഗ്യവതിയല്ലായിരുന്ന ഈ സഹോദരി സഹപ്രവർത്തകരുടെ എതിർപ്പിനെ വകവെയ്ക്കാതെയാണ് ഏറെ സന്തോഷത്തോടെ സഹപ്രവർത്തകരോടൊപ്പം നൃത്തം ചെയ്തത്. തടസ്സപ്പെടുത്തിയവരോട് അവസാനം പറഞ്ഞ വാചകം ഇങ്ങനെയായിരുന്നു- "ഇവിടെ വച്ച് എനിക്ക് എന്തെങ്കിലും സംഭവിച്ചോട്ടെ, പക്ഷേ എനിക്കു മാറിനില്ക്കാനാവില്ല, നമുക്കു കളിക്കാം".

പ്രിയ സഹോദരി വിമലാ രാജന് ഐ.ആർ.ടി.സിയുടെ ആദരാഞ്ജലി. കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ദുഃഖത്തിൽ ഐ.ആർ.ടി.സിയും പങ്കുചേരുന്നു.

ആദരാഞ്ജലികൾ


വിമലാ രാജൻ (58)




# ഐ.ആർ.ടി.സി ക്യാമ്പസിൽ സർപ്പശലഭം

**ഒ**ക്ടോബർ 4 ന് ഐ.ആർ.ടി.സി ക്യാമ്പസിൽ കാണപ്പെട്ട Atlas Moth എന്ന ഭീമൻ ശലഭം. *Attacus taprobanis* എന്നതാണ് ശാസ്ത്രനാമം. നിശാശലഭങ്ങളുടെ വർഗ്ഗത്തിൽപ്പെട്ട ഈ ശലഭത്തിന്റെ മുൻചിറകുകളിൽ പാമ്പിന്റെ കണ്ണുകളെപ്പോലെ കറുത്ത പൊട്ടുകളുള്ളതു കൊണ്ട് സർപ്പശലഭം എന്ന പേരിലും അറിയപ്പെടുന്നു. ദക്ഷിണേന്ത്യയിലെയും ശ്രീലങ്കയിലെയും തനത് ജീവിവർഗ്ഗമാണ് ഇത്. നിബിഡവനപ്രദേശങ്ങളിലാണ് സാധാരണ ഇവയെ കണ്ടുവരുന്നത്. ഈ ശലഭങ്ങൾക്ക് രണ്ടുമാസം മാത്രമേ ആയുസ്സുള്ളൂ. സാധാരണഗതിയിൽ 10 മുതൽ 12 ഇഞ്ചുവരെയാണ് ഇവയുടെ വിടർത്തിയ ചിറകുകളുടെ നീളം.